(ഡി) ജില്ലാതലത്തിൽ സാമൂഹ്യവനവൽക്കരണ വിഭാഗത്തിൽ നിലവിലുള്ള സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർ എന്നിവരുടെ സഹായത്തോടെ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ മുഖേനയാണ് ടെറിട്ടോറിയൽ വിഭാഗത്തിന്റെ കൈവശമുള്ള റിസർവ് വനപ്രദേശത്ത് പൈലറ്റ് അടിസ്ഥാനത്തിൽ ടി പദ്ധതി നടപ്പിലാക്കി വരുന്നത്. ഇതിലേക്ക് ഭരണതലത്തിൽ പുതിയ സംവിധാനമൊന്നും ഏർപ്പെടുത്തിയിട്ടില്ല.

## പരിസ്ഥിതി ലോല മേഖലയിൽ ഉൾപ്പെടുത്തിയ സ്വകാര്യഭൂമി

196 (4531) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനാതിർത്തിയോട് ചേർന്ന് കിടക്കുന്നതും, പട്ടയമുള്ളതും വർഷങ്ങളായി നികുതി ഒടുക്കി താമസിക്കുകയും കൃഷി ചെയ്തു വരുന്നതുമായ സ്വകാര്യ ഭൂമി പരിസ്ഥിതി ലോല മേഖലയിൽ ഉൾപ്പെടുത്തിയത് വഴി പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സ്വകാര്യ ഭൂമി പരിസ്ഥിതി ലോല മേഖലയിലുൾപ്പെടുത്തിയത് ഒഴിവാക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ആയതിൽ എത്ര അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ടെന്നും ബാക്കിയെത്രയുണ്ടെന്നും ജില്ല തിരിച്ച് പറയാമോ ;

(സി) പരിസ്ഥിതി ലോല മേഖലയിൽനിന്നും ഒഴിവാക്കി കിട്ടാൻ നിയമപരമായ അർഹതയുണ്ടെങ്കിൽ അത്തരം അപേക്ഷകൾ കാലതാമസം കൂടാതെ തീർപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പാക്കുവാനായി കേന്ദ്രസർക്കാർ പുറപ്പെടുവിച്ച 10-3-2014-ലെ കരട് വിജ്ഞാപനത്തിൽ പശ്ചിമഘട്ട മേഖലയിലെ ജനതയുടെ ഉപജീവനത്തെയോ കൃഷിവൃത്തിയെയോ ബാധിക്കുന്ന നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്നില്ല. ജനങ്ങൾക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്ന നടപടികൾ ഒഴിവാക്കാനാണ് സംസ്ഥാന സർക്കാർ ശ്രമിച്ചിട്ടുള്ളത്.

(ബി) സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ച പഞ്ചായത്തുതല അഞ്ചംഗ കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം ഉമ്മൻ വി. ഉമ്മൻ കമ്മിറ്റി ശിപാർശ ചെയ്ത് സർക്കാർ അംഗീകരിച്ച കഡസ്ട്രൽ മാപ്പിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്ര

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ കരട് വിജ്ഞാപനം പുറപ്പെടുവിച്ചത്. ഈ മാപ്പിൽ എല്ലാ സ്വകാര്യ ഭൂമികളും ഒഴിവാക്കപ്പെട്ടിരുന്നു. സ്വകാര്യഭൂമി പരിസ്ഥിതിലോല പ്രദേശത്തുനിന്നും ഒഴിവാക്കണമെന്ന് അഭ്യർത്ഥിച്ച് 12 പരാതികൾ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. എന്നാൽ പരിസ്ഥിതിലോല പ്രദേശങ്ങളുടെ സർവ്വേ നമ്പർ അടിസ്ഥാനമാക്കിയുള്ള അതിർത്തി വിവരണ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ പരിസ്ഥിതിലോല മേഖലയിൽ സ്വകാര്യഭൂമി ഉൾപ്പെട്ടുവെന്ന ആവലാതികൾ പരിശോധിക്കാനോ തീർപ്പാക്കാനോ കഴിയുകയില്ല.

(സി) പരിസ്ഥിതിലോല പ്രദേശങ്ങളുടെ അതിർത്തി നിർണ്ണയം സംബന്ധിച്ച റിപ്പോർട്ട് ലഭ്യമായശേഷമേ ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കാനാവൂ.

## അടിസ്ഥാന സൗകര്യ വികസനം

197 (4532) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫോറസ്റ്റ് റേഞ്ചുകളിലും സ്റ്റേഷനുകളിലും അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത ഇല്ലാത്തതായി കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ഫോറസ്റ്റ് റേഞ്ചുകളിലും സ്റ്റേഷനുകളിലും വൈദ്യുതി, വെള്ളം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുവാൻ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് ഡിവിഷൻ തിരിച്ച് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സൗകര്യങ്ങൾ ഇപ്പോഴും ലഭ്യമാകാത്ത സ്റ്റേഷനുകൾ ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഡി) വനം വകുപ്പിന്റെ ഏതെങ്കിലും റേഞ്ചുകളിലോ സ്റ്റേഷനുകളിലോ വാഹനങ്ങൾ ഇല്ലാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നും ; എങ്കിൽ ഏതൊക്കെ റേഞ്ചുകളും സ്റ്റേഷനുകളുമാണെന്നും വ്യക്തമാക്കുമോ ?

### ഉത്തരം

(എ) കണ്ടെത്തിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു :

സതേൺ സർക്കിൾ :- സതേൺ സർക്കിളിന് കീഴിലുള്ള ഡിവിഷനുകളിലെ ഫോറസ്റ്റ് റെയിഞ്ചുകളിലും സ്റ്റേഷനുകളിലും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly